പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ: **5486**

**04.07.2013** ൽ മറുപടിക്ക്

**ജലസംഭരണികളിൽ നിന്നും മണൽ വാരൽ**

| | ചോദ്യം<br>ശ്രീമതി. അയിഷാ പോറ്റി | | മറുപടി<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവവകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ജലസംഭരണികളിൽ നിന്നും മണൽ വാരുന്നതിന് എടുത്ത തീരുമാനം എത്രത്തോളം നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ)<br>(ബി)<br>&<br>(സി) | ജലസംഭരണികളിൽ അടിഞ്ഞുകൂടിയിട്ടുള്ള എക്കലും, മണലും നീക്കം ചെയ്യുന്നതിലൂടെ ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതോടൊപ്പം നിർമ്മാണ മേഖലയിൽ അനുഭവപ്പെടുന്ന മണൽ ക്ഷാമം ലഘൂകരിക്കുവാനും എക്കലും, മണലും നീക്കം ചെയ്യുമ്പോഴുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുവാനും ഇതു സംബന്ധിച്ച് സമഗ്രമായ ഒരു നയം ആവിഷ്ക്കരിക്കുവാനും പ്രിൻസിപ്പൽ സെക്രട്ടറി, വാട്ടർ റിസോഴ്സസ് ഡിപ്പാർട്ട്മെന്റ് ചെയർമാനായും, Mining & Geology Director , Convener ആയുമുള്ള ഒരു ഒമ്പത് അംഗ കമ്മിറ്റി സർക്കാർ രൂപീകരിക്കുകയുണ്ടായി.<br>പ്രസ്തുത കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം എക്കലും, മണലും നീക്കം ചെയ്യുന്നത് സംബന്ധിച്ച്, IDRB സമർപ്പിച്ച മാർഗ്ഗ നിർദ്ദേശങ്ങളെക്കുറിച്ച്, കമ്മിറ്റി ചർച്ച ചെയ്യുകയും എക്കൽ മണ്ണ് നനവോടുകൂടി പമ്പ് ചെയ്തു നീക്കം ചെയ്യുന്നതാണ് പ്രായോഗികം എന്ന് കണക്കാക്കുകയും അപ്രകാരം എക്കൽ നീക്കം ചെയ്യുമ്പോഴുണ്ടാകുന്ന പാരിസ്ഥിതിക പഠനം, പരിസ്ഥിതി വകുപ്പുമായി ചേർന്ന്, നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ആദ്യഘട്ടമെന്ന നിലയിൽ ജലസേചന വകുപ്പിന്റെ കീഴിലുള്ള മലമ്പുഴ, മീങ്കര, ചുരളിയാർ വൈദ്യുതിവകുപ്പിന്റെ കീഴിലുള്ള ആനയിറങ്കൽ, കുണ്ടള, ലോവർ പെരിയാർ എന്നീ ജലസംഭരണികളിൽ നിന്നും എക്കലും മണലും നീക്കം ചെയ്യുന്നതിനാവശ്യമായ ആക്ഷൻ പ്ലാൻ തയ്യാറാക്കി സമർപ്പിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) | ജലസംഭരണികളിൽ നിന്നും മണൽ വാരുന്നതിന് ഈ സർക്കാർ അധികാരമേറ്റശേഷം എന്തെല്ലാം നടപടികൾ എടുത്തു എന്ന് വിശദമാക്കുമോ; | | |
| (സി) | സംസ്ഥാനം നേരിടുന്ന മണൽക്ഷാമം പരിഹരിക്കുന്നതിന് പര്യാപ്തമാംവിധം ഡാമുകളിൽ നിന്നുമുള്ള മണൽവാരൽ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ